18
മാർച്ച് 2019
തിങ്കൾ

# മലയാള മനോരമ

ESTABLISHED 1888

ആലപ്പുഴ
16 പേജ്
₹ 7.50

ISSN-0972-0022 www.manoramaonline.com



ആലപ്പുഴയിൽ നടത്തിയ കൊങ്കണി നാടോടി നൃത്തപരിപാടിയിൽ നിന്ന്. ചിത്രം: മനോരമ

# കൊങ്കണി നൃത്തോത്സവം ആലപ്പുഴയിലും കേമം

ആലപ്പുഴ ● കൊങ്കണി നാടോടി കലാകാരന്മാരുടെ താളച്ചുവടുകളിൽ തിരുവമ്പാടി കൊച്ചുമുല്ലയ്ക്കൽ ക്ഷേത്രാങ്കണം കൊങ്കണി നൃത്തോത്സവത്തിനു വേദിയായി. കേന്ദ്ര സാഹിത്യ അക്കാദമിയും കൊങ്കണി ഭാഷാ സമിതിയും സംയുക്തമായാണ് പരിപാടി നടത്തിയത്. മംഗലാപുരത്തെ ഇടപടവിൽ നിന്നുള്ള ജാനപദ കലാവേദിയുടെ കലാകാരന്മാരാണ് അവതരിപ്പിച്ചത്.

ഘുമ്മട്ടുവിന്റെയും താളത്തിൽ മെയ്‌വഴക്കവും മെയ്ക്കരുത്തും പ്രകടിപ്പിക്കുന്ന ചുവടുകളാണ് പ്രത്യേകത.

കുഡുംബി സേവാസംഘം സംസ്ഥാന പ്രസിഡന്റ് കെ.വി.ഭാസ്കരൻ ഉദ്ഘാടനം ചെയ്തു കൊങ്കണി കലാകാരനായ എം. ഗോപാല ഗൗഡയെ ആദരിച്ചു. അമ്പലപ്പുഴ താലൂക്ക് യൂണിയൻ പ്രസിഡന്റ് ജി.രാജൻ അധ്യക്ഷത വഹിച്ചു. കൊങ്കണി ഭാഷാ സമിതി അംഗങ്ങളായ പയ്യന്നൂർ രമേഷ് പൈ, ചന്ദ്രബാബു ഷെട്ടി, കുഡുംബി സേവാസംഘം സംസ്ഥാന വൈസ് പ്രസിഡന്റ് തിരുവമ്പാടി അനിൽ, ദേവസ്വം സെക്രട്ടറി എം.മഹേഷ്കുമാർ പ്രസംഗിച്ചു.